(ബി) ചൊവ്വര പദ്ധതിക്ക് എൽ.ഐ.സി.യാണ് വായ്പ നൽകുന്നത്.

എസ്റ്റിമേറ്റ് തുക - 37.23. കോടി രൂപ

എൽ.ഐ.സി.യിൽ നിന്നും
കിട്ടുന്ന മൊത്തം വായ്പ - 11.48 കോടി രൂപ

വായ്പയുടെ ആദ്യ ഗഡു 3-1998-ൽ ലഭിച്ചു. ഇതുവരെ (3-1999 വരെ) 4.80 കോടി രൂപ ലഭിച്ചു.

(സി) കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ ഓഫറിൽ മേൽ തീരുമാനത്തിനു ശേഷം പണി ആരംഭിച്ച് 24 മാസത്തിനുള്ളിൽ പൂർത്തിയാക്കണമെന്നാണ് തീരുമാനിച്ചിരിക്കുന്നത്.

(ഡി) കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതാണ്.

ആറൻമുള സത്രം കടവിൽ വ്യൂ ടവർ

62 (226) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറൻമുളയിൽ സത്രം കടവിൽ 'വ്യൂ ടവർ' നിർമ്മിക്കുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ;

(ബി) എങ്കിൽ ഇതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(സി) വ്യൂ ടവറിന്റെ പണി അടിയന്തിരമായി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ,ബി&സി) ആറൻമുളയിൽ സത്രം കടവിൽ 'വ്യൂ ടവർ' നിർമ്മിക്കുവാനുള്ള പദ്ധതി പരിഗണനയിലുണ്ട്. വിശദമായ പഠനത്തിന് ശേഷമേ ഇതു നടപ്പിലാക്കാനാവൂ.

കുര്യാർകുറ്റി - കാരപ്പാറ ജലസേചന പദ്ധതി

63 (227) ശ്രീ. ആന്റണി രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുര്യാർകുറ്റി-കാരപ്പാറ ജലസേചന പദ്ധതിക്ക് വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏത് വർഷമാണ് ലഭിച്ചത്;

(ബി) അനുമതിയുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പദ്ധതിയുടെ ആവശ്യത്തിന് മതിയായ ജലം ലഭ്യമാണോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ഈ പദ്ധതിക്കായി എത്ര ഏക്കർ സ്ഥലം നാട്ടുകാർ സൗജന്യമായി നല്കിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ സ്ഥലത്ത് കനാലുകൾ നിർമ്മിച്ചു കഴിഞ്ഞുവോ;

(എഫ്) 1991-92 മുതൽ 1999-2000 വരെയുള്ള വർഷങ്ങളിൽ ഈ പദ്ധതിക്കായി എത്ര തുക സംസ്ഥാന ബഡ്ജറ്റിൽ വക കൊള്ളിച്ചിരുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) & (ബി) അനുമതി ലഭിച്ചിട്ടില്ല.

(സി) ലഭ്യമാണ്. വൈദ്യുതോല്പാദന ശേഷം പുറത്തേക്കു വിടുന്ന ജലം ചിറ്റൂർ, എലവഞ്ചേരി, മുതലമട എന്നീ പ്രദേശങ്ങളിൽ കൃഷിക്ക് ഉപയുക്തമാക്കുവാനാണ് ഈ പദ്ധതി രൂപകല്പന ചെയ്തിരിക്കുന്നത്.

(ഡി) കനാൽ നിർമ്മണത്തിനായി ഏകദേശം 17 ഏക്കറോളം ഭൂമി സൗജന്യമായി ലഭിച്ചിട്ടുണ്ട്.

(ഇ) സൗജന്യമായി ലഭിച്ച ഭൂമിയിൽ കനാൽ നിർമ്മാണം ആരംഭിച്ച് 4 കി.മീ. നീളത്തിൽ കനാൽ നിർമ്മിച്ചു കൊണ്ടിരിക്കുമ്പോൾ ഏർപ്പെടുത്തിയ വിജിലൻസ് അന്വേഷണം മൂലം നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരിക്കുകയാണ്.

(എഫ്) 1991-92 മുതൽ 1999-2000 വരെയുള്ള വർഷങ്ങളിൽ ഈ പദ്ധതിക്കായി സംസ്ഥാന ബഡ്ജറ്റിൽ വക കൊള്ളിച്ചിരിക്കുന്ന തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

വർഷം	തുക
1991-92	5 ലക്ഷം
1992-93	25 "
1993-94	31.4 "
1994-95	150 "
1995-96	200 "
1996-97	242.30 "
1997-98	91.74 "
1998-99	399.71 "
1999-2000	200 "

കടൽഭിത്തി നിർമ്മാണം

64 (228) ശ്രീ. ചെർക്കളം അബ്ദുള്ള ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly